"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിജിലൻസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.167/2023/VIG   തീയതി,തിരുവനന്തപുരം, 30-09-2023

പരാമർശം:- 1. 28.10.2021 ലെ സി1/319/2019-വിജി നമ്പർ വിജ്ഞാപനം

2. 15.09.2022 ലെ സി1/319/2019-വിജി നമ്പർ നോട്ടീസ്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ, പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച പട്ടികയിൽ നിന്നും ചുവടെ പറയുന്ന അഭിഭാഷകയെ അവരുടെ പേരിനൊപ്പം ചേർത്തിരിക്കുന്ന സ്റ്റേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

| പേര്, വിലാസം | നിയമിക്കുന്ന തസ്തിക, സ്റ്റേഷൻ |
|---|---|
| ശ്രീമതി. വീണ സതീശൻ,<br>CRA- 3(A),<br>ശ്രീ ചിത്തിര ലെയ്ൻ,<br>വഞ്ചിയൂർ, തിരുവനന്തപുരം - 695 035 | പബ്ലിക് പ്രോസിക്യൂട്ടർ-1,<br>വിജിലൻസ് കോടതി,<br>തിരുവനന്തപുരം |

2. മേൽ നിയമനം താഴെപ്പറയുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമാണ്.

i. കരാർ അടിസ്ഥാനത്തിൽ നിയമിതയായ പബ്ലിക് പ്രോസിക്യൂട്ടറുടെ സഞ്ചിത വേതനം പ്രതിമാസം 75,000/-രൂപ(എഴുപത്തയ്യായിരം രൂപ മാത്രം) ആയിരിക്കും.
ii. കരാർ അടിസ്ഥാനത്തിൽ നിയമിതയായ പബ്ലിക് പ്രോസിക്യൂട്ടർ, സേവന വേതനവ്യവസ്ഥകൾ സംബന്ധിച്ച്, 200/- രൂപ മുദ്രപ്പത്രത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
iii. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന പബ്ലിക് പ്രോസിക്യൂട്ടർക്ക് ഭാവിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ഉണ്ടാകാവുന്ന ഒഴിവുകളിൽ യാതൊരു മുൻഗണനയ്ക്കും അവകാശമുണ്ടായിരിക്കുന്നതല്ല.
iv. ഈ കരാർ നിയമനം ഒരു വർഷത്തേക്കോ, അല്ലെങ്കിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന റെഗുലർ നിയമനം നടക്കുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ ആയിരിക്കും.

3. നിയമനം ലഭിച്ച അഭിഭാഷക, ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ മുമ്പാകെ പ്രായം, യോഗ്യത, പ്രവർത്തി പരിചയം,

വിലാസം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ അസ്സൽ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർക്ക് മതിയായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ റ്റി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ശ്രീമതി. വീണ സതീശൻ, CRA- 3(A), ശ്രീ ചിത്തിര ലെയ്ൻ, വഞ്ചിയൂർ, തിരുവനന്തപുരം - 695 035
(Registered post with A/D)
എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ധനകാര്യ വകുപ്പ് ( 02.07.2021 ലെ 1715929:Exp-C3/13/2021-Fin നമ്പർ റിമാർക്സ് പ്രകാരം)
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
S S Deepu
സെക്ഷൻ ഓഫീസർ
Date: 30-09-2023 16:19:27

പകർപ്പ് :

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
വിജിലൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്